വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ട്രഷറി ഡിപ്പാർട്ടുമെൻറിൽ പതിനൊന്നു (11) ജില്ലാ ട്രഷറി ഓഫീസർമാരുടേയും സമാന തസ്തികയായ മൂന്നു (3) അസിസ്റ്റൻറ് ട്രഷറി ഡയറക്ടർമാരുടേയും തസ്തികകൾ ഉണ്ട്.

(ബി) മേൽപറഞ്ഞ തസ്തികകൾ എല്ലാ യൂണിറ്റിൽപ്പെട്ട (തിരുവിതാംകൂർ-കൊച്ചി, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ) ഉദ്യോഗസ്ഥൻമാരും ഉണ്ട്. അവരുടെ പേരുവിവരവും സർവ്വീസ് ദൈർഘ്യവും പ്രത്യേകം പട്ടികയിൽ പറയുന്നുണ്ട് †.

(സി) ഉണ്ട്. നിരവധി പേർ ഉള്ളതുകൊണ്ട് അവരുടെയെല്ലാം സേവനദൈർഘ്യത്തെപ്പറ്റിയുള്ള വിവരങ്ങൾ ഉടനെ ലഭ്യമല്ല.

(ഡി) ട്രഷറി ഡിപ്പാർട്ടുമെൻറിൽ സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം വേണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഏതു തീയതി മുതൽ നടപ്പാക്കണമെന്ന് തീരുമാനം എടുത്തിട്ടില്ല.

യു. ജി. സി. യുടെ സഹായത്തോടെ ഏറെടുത്തു നടപ്പിലാക്കിയ വികസനപദ്ധതികൾ

* 467 [491] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം പഞ്ചവൽസരപദ്ധതിക്കാലത്ത് കേരളത്തിലെ ഗവൺമെൻറ് കോളേജുകൾ യു. ജി. സി. യുടെ സഹായത്തോടെ ഏറെടുത്തു നടപ്പിലാക്കിയ വികസനപദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് യു. ജി. സി. യിൽ നിന്നും എത്ര ലക്ഷം രൂപ സഹായമായി ലഭിച്ചു;

(സി) ഏതൊക്കെ കോളേജുകളിലാണ് വികസനപദ്ധതികൾ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാം, ക്ലാസ്മുറികൾ സ്റ്റാഫ് കാർട്ടേഴ്സ്, നോൺ റസിഡൻഷ്യൽ സ്റ്റുഡൻറ് സെൻറർ, ഗ്രീൻ ഹൗസ്, ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയവയുടെ നിർമ്മാണം പുസ്തകങ്ങളും ജേർണലുകളും ലാബറട്ടറി ഉപകരണങ്ങളും വിലയ്ക്കു വാങ്ങുക, കളിസ്ഥലം ഹോസ്റ്റലുകൾ ഇവയുടെ വികസനം എന്നിവയാണ്.

(ബി) യു. ജി. സി. 88,41,767 രൂപ അനുവദിച്ചതിൽ 16,23,600 കിട്ടി കഴിഞ്ഞു.

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
2. വിമൻസ് കോളേജ്, തിരുവനന്തപുരം.
3. മഹാരാജാസ് കോളേജ്, എറണാകുളം.
4. വിക്ടോറിയാ കോളേജ്, പാലക്കാട്.
5. ഗവൺമെൻറ് കോളേജ്, ചിറ്റൂർ.
6. ആർട്ട്സ് ആൻറ് സയൻസ് കോളേജ്, കോഴിക്കോട്.
7. ഗവൺമെൻറ് കോളേജ്, മടപ്പള്ളി.
8. ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, തലശ്ശേരി.
9. പട്ടാമ്പി സംസ്കൃത കോളേജ്.
10. ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ.
11. ട്രെയിനിംഗ് കോളേജ്, തലശ്ശേരി.
12. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.
13. കെ. കെ. റ്റി. എം. കോളേജ്, പുല്ലൂറ്റ്.
14. തിരുവനന്തപുരം സംസ്കൃത കോളേജ്, തിരുവനന്തപുരം.
15. തൃപ്പൂണിത്തുറ സംസ്കൃത കോളേജ്.
16. ഗവൺമെൻറ് കോളേജ്, കാസർകോഡ്. എന്നീ കോളേജുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

പുതിയ സഹകരണനിയമം

*468 [492] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സഹകരണനിയമത്തിലെ പോരായ്മകൾ പരിഹരിച്ച് സമഗ്രമായ ഭേദഗതികളോടെ പുതിയ നിയമം കൊണ്ടുവരുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉദ്ദേശിക്കുന്ന ഭേദഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 1969 ലെ കേരള സഹകരണനിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾതന്നെ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) പ്രധാനമായും പരിഗണനയിൽ ഉള്ള ഭേദഗതികൾ കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്കുള്ള ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ

*469 [493] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കുവാൻ കേരളത്തിൽ സൗകര്യമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ ആധുനിക ട്രേഡുകളോടുകൂടിയ ഒരു ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ കേരളത്തിൽ തുടങ്ങുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly